**Adv. MINIMOL. V.K.**
CHAIRPERSON
HEALTH STANDING COMMITTEE
KOCHI MUNICIPAL CORPORATION

Mob : 9746349605
E-mail:minimolpalarivattom@gmail.com
Achu-Anu,
Vattathipadam Road,
Palarivattom P.O.,
Kochi - 682 025

Date................................ 18.07.2016

## സദയം പ്രസിദ്ധീകരണത്തിന്

കൊച്ചി കോർപ്പറേഷനിൽ 43-ാംഡിവിഷൻ പാലാരിവട്ടം പ്രദേശത്ത് താമസിക്കുന്ന 60 വയസ്സ് പിന്നിട്ടുള്ള മുതിർന്ന പൗരൻമാരുടെ ജീവിതത്തിന് സുരക്ഷയും സംരക്ഷണവും നൽകണമെന്നുള്ള സന്ദേശത്തോടു കൂടി കൊച്ചി നഗരസഭയിൽ ആദ്യമായി **'വയോമിത്രം'** എന്ന പേരിൽ രൂപീകരിച്ചിട്ടുള്ള സംഘടനയുടെ പ്രവർത്തന പരിപാടികൾ പാലാരിവട്ടം Y.M.C.A ഹാളിൽ വച്ച് ജൂലൈ 17 ഞായറാഴ്ച്ച വൈകിട്ട് 4.30ന് ബഹു.മേയർ ശ്രീമതി.സൗമിനി ജെയിൻ ഉദ്ഘാടനം ചെയ്തു.

തദവസരത്തിൽ പത്താംതരത്തിലും പ്ലസ്സ് ടുവിനും ഉന്നത വിജയം കൈവരിച്ച ടി ഡിവിഷനിലെ എല്ലാ കുട്ടികൾക്കും ബഹു.പൊതുവിദ്യാഭ്യാസ സെക്രട്ടറി ശ്രീ.മുഹമ്മദ് ഹനീഷ് ഐ.എ.എസ് അവാർഡുകൾ വിതരണം ചെയ്തു. 43-ാംഡിവിഷൻ കൗൺസിലറും ഹെൽത്ത് കമ്മിറ്റി ചെയർപേഴ്സനുമായ അഡ്വ.മിനിമോൾ വി.കെ സംഘടിപ്പിച്ച ചടങ്ങിൽ 18 കുട്ടികൾക്കാണ് അവാർഡും മൊമന്റവും വിതരണം ചെയ്തത്. മികച്ച വിജയം നേടിയ വിദ്യാർത്ഥികളെ ഡെപ്യൂട്ടി മേയർ ശ്രീ.ടി.ജെ.വിനോദ് അഭിനന്ദിച്ചു. നഗരസഭ കൗൺസിലർമാരായ ശ്രീ.ജോസഫ് അലക്സ്, ഡിവിഷൻ കമ്മിറ്റി അംഗങ്ങളായ അഡ്വ.അനിൽകുമാർ, ശ്രീ.എൻ.എച്ച്.താഹ, ശ്രീ.കെ.പി.എസ്.കുറുപ്പ്, ശ്രീ.സ്കറിയ മാത്യു, ശ്രീ.ഷൈജു കേളന്തറ എന്നിവർ വിജയികളായ കുട്ടികൾക്ക് അഭിനന്ദനം അറിയിച്ചു. ടി അവാർഡ് ദാന ചടങ്ങിനോട് അനുബന്ധിച്ച് 43-ാം ഡിവിഷനിലെ ജനങ്ങൾക്ക് മഴക്കാലരോഗപ്രതിരോധത്തിനുള്ള സൗജന്യ ഹോമിയോ പ്രതിരോധ മരുന്ന് വിതരണം നടത്തി.

കൂടാതെ സ്വച്ഛ്ഭാരത് മിഷനുമായി ബന്ധപ്പെട്ട് 43-ാം ഡിവിഷനെ തുറസ്സായ സ്ഥലത്ത് മലമൂത്രവിസർജന രഹിത പ്രദേശമായ **Open Defication Free Zone** ആയി ഡെപ്യൂട്ടി മേയർ ശ്രീ.ടി.ജെ.വിനോദ് പ്രഖ്യാപിച്ചു. പരാതികളുണ്ടെങ്കിൽ 15ദിവസത്തിനകം ആയത് ഡിവിഷൻ കൗൺസിലറെയോ നഗരസഭ സെക്രട്ടറിയെയോ അറിയിക്കേണ്ടതാണെന്നും അതിനു ശേഷം നഗരസഭ സെക്രട്ടറി ഔദ്യോഗികമായി ടി ഡിവിഷനെ ODF Zone ആയി പ്രഖ്യാപിക്കുന്നതാണെന്നും അഡ്വ.മിനിമോൾ.വി.കെ. അറിയിച്ചു.

മേൽ വാർത്ത താങ്കളുടെ മാധ്യമത്തിൽ പ്രസിദ്ധീകരിക്കുവാൻ താൽപ്പര്യപ്പെടുന്നു.

അഡ്വ.മിനിമോൾ.വികെ
ചെയർപേഴ്സൺ,ഹെൽത്ത് കമ്മിറ്റി
കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ